**പി.എ സൈനുദ്ദീൻ**
sainpanachikkal@gmail.com

# ദിക്റും ശുക്റും

عَن مُعَاذِ بن جَبَل رَضِيَ اللَّهُ عَنْهُ أَنَّ رَسُولَ اللَّهِ أَخَذَ بِيَدِهِ وَقَالَ: يَا مُعَاذ وَاللَّهِ إِني لَأُحِبُّكَ، أُوصِيكَ يَا مُعَاذ لَا تَدَعَنَّ فِي دُبُرِ كُلِّ صَلَاةٍ تَقُولُ: اَللَّهُمَّ أَعِنِّي عَلَى ذِكْرِكَ

**മുആദുബ്നു ജബലിൽ(റ)നിന്ന് നിവേദനം: റസൂൽ (സ) മുആദിന്റെ കൈ പിടിച്ച് പറഞ്ഞു: "മുആദേ, ഞാൻ താങ്കളെ ഇഷ്ടപ്പെടുന്നു. എല്ലാ നമസ്കാര ശേഷവും 'അല്ലാഹുവേ നിനക്ക് നന്ദി ചെയ്യാനും നിന്നെ സ്മരിക്കാനും നല്ല രൂപത്തിൽ ഇബാദത്ത് ചെയ്യാനും എന്നെ സഹായിക്കേണമേ' എന്ന് പ്രാർഥിക്കുന്നതിൽ നീ ഉപേക്ഷ വരുത്തരുത്" (തിർമിദി).**

## ഹദീസ്

'ഒരുവൻ തന്റെ സഹോദരനെ ഇഷ്ടപ്പെട്ടാൽ അതവനോട് തുറന്നുപറഞ്ഞുകൊള്ളട്ടെ' എന്ന് നബി (സ)ഉപദേശിച്ചിട്ടുണ്ട്. സ്നേഹം പറഞ്ഞറിയിക്കുന്നതും യോഗ്യതയുള്ളവന് അർഹമായ അംഗീകാരം നൽകി പ്രോത്സാഹിപ്പിക്കുന്നതുമാണ് ഇസ്‌ലാമികപ്രബോധകന്റെ സംസ്കാരം. പാപമോചനത്തിന് നിരന്തരം ദൈവസന്നിധിയിലേക്ക് ഇരുകൈകളുമുയർത്തി ദുആ ചെയ്യാൻ അല്ലാഹുവും അവന്റെ ദൂതനും വിശ്വാസിയെ പ്രേരിപ്പിക്കുന്നുണ്ട്. ദുൻയാവിലും ആഖിറത്തിലും നന്മ ഉണ്ടാകുന്നതിന് നിരന്തരം പ്രാർഥിക്കാനും ഖുർആൻ ആഹ്വാനം ചെയ്യുന്നു. കാതലായ അപേക്ഷ എന്ന നിലക്കും മൊത്തം ആവശ്യങ്ങളുടെ സംഗ്രഹരൂപമെന്ന അർഥത്തിലും ഒരു വിശിഷ്ട പ്രാർഥന നമസ്കാര ശേഷം പതിവാക്കണമെന്ന് പ്രവാചകൻ തന്റെ അടുത്ത അനുഗാമിയായ അബൂഅബ്ദുർറഹ്മാൻ എന്നു വിളിക്കപ്പെടുന്ന മുആദുബ്നു ജബലിന് പഠിപ്പിച്ചുകൊടുക്കുകയാണ് ഈ ഹദീസിൽ.

അന്ത്യപ്രവാചകൻ (സ) തന്റെ സഹാക്കളെ പക്ഷഭേദമില്ലാതെ സ്നേഹിച്ചിരുന്നു. ചില സ്വഹാബികൾക്ക് അവരുടെ ദീനീസേവനരംഗത്തുള്ള ചടുലതയും ഊർജസ്വലതയും കാരണമായി പ്രത്യേക പരിഗണന നൽകിയിരുന്നു. ഇവരിൽ അൻസാരി യുവാവായ മുആദുബ്നു ജബൽ (റ) ഒന്നാം നിരയിലുണ്ടായിരുന്നു. സ്നേഹപൂർവം മുആദി(റ)ന്റെ കരം ഗ്രഹിച്ചുകൊണ്ട് 'ഞാൻ താങ്കളെ സ്നേഹിക്കുന്നു' എന്നു പ്രവാചകൻ പറഞ്ഞത്, അദ്ദേഹത്തിന്റെ വൈജ്ഞാനിക ശേഷിയാൽ സമ്പന്നമായ ഇസ്‌ലാമിക വ്യക്തിത്വം കാരണമായിരുന്നു. ദീനീവിജ്ഞാനം പ്രവാചക സന്നിധിയിൽനിന്ന് കരസ്ഥമാക്കി പ്രബോധനമാർഗത്തിൽ അത് ഔചിത്യബോധത്തോടെ കുറിക്കുകൊള്ളുന്ന തരത്തിൽ പ്രയോഗിച്ചിരുന്നു അദ്ദേഹം. കാലികവും നൂതനവുമായ പ്രശ്നങ്ങൾക്ക് പരിഹാരമായി പരിശുദ്ധ ഖുർആനിന്റെയും തിരുചര്യയുടെയും വെളിച്ചത്തിൽ ഉചിതമായ വിധികൾ നിർധാരണം ചെയ്തെടുത്ത് അവതരിപ്പിക്കാൻ ബുദ്ധിമാനായ മുആദിന് കഴിയുമെന്ന് നബി (സ) മനസ്സിലാക്കി. യമനിലേക്ക് ഇസ്‌ലാമികപ്രവർത്തനത്തിന് നിയോഗിക്കപ്പെട്ട അദ്ദേഹത്തോട് 'താങ്കളവരിൽ ഏതുതരത്തിലുള്ള വിധിയാണ് നടപ്പിൽ വരുത്തുക' എന്ന ചോദ്യത്തിന് നൽകിയ മറുപടി 'ആദ്യം ഖുർആനനുസരിച്ച്. അവരിൽ വിധി പ്രസ്താവിക്കും. ഇല്ലെങ്കിൽ, നബിചര്യയനുസരിച്ച്. ഖുർആനിലും ഹദീസിലും കാണാൻ സാധിക്കാത്തത് ഗവേഷണത്തിലൂടെ കണ്ടെത്തി പരിഹാരം കാണും' എന്ന യുക്തിപൂർണമായ മറുപടിയാണ് അദ്ദേഹം നൽകിയത്. നബി(സ)ക്ക് ഈ മറുപടി നന്നേ ബോധിച്ചു. ഇസ്‌ലാമിക പ്രചാരണമെന്ന പേരിൽ സ്ഥലകാലബോധമില്ലാതെ പരിപാടികൾ ആസൂത്രണം ചെയ്ത്, കാടിളക്കി ബഹളമയമായ അന്തരീക്ഷം സൃഷ്ടിച്ച് കൈയടി നേടുന്നതിലൂടെ ഒരു സാമൂഹിക പരിവർത്തനവും സംഭവിക്കാൻ പോകുന്നില്ല. അറിവിന്റെയും യുക്തിയുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ ജനമനസ്സുകളെ ഹഠാദാകർഷിക്കുന്നതാണ് യഥാർത്ഥ ദഅ്‌വത്ത് എന്ന് ചരിത്രസംഭവങ്ങൾ ബോധ്യപ്പെടുത്തുന്നു. അതുകൊണ്ടുതന്നെയായിരുന്നു റസൂൽ (സ) മുആദിനെ മടിയേതുമില്ലാതെ അപരിചിതമായ സ്ഥലത്തേക്ക് ഇസ്‌ലാമിക പ്രചാരണത്തിനു വേണ്ടി നിയോഗിച്ചത്. മുആദ് ആ കൃത്യം ഉത്തരവാദിത്തത്തോടെ പൂർത്തിയാക്കിയതും.

ആദ്യഘട്ടത്തിലെ ആധികാരികമായി പരിശുദ്ധ ഖുർആൻ മനഃപാഠമുള്ള നാലു വ്യക്തികളിൽ ഒരാളായിരുന്നു മുആദ്. ഉമർ (റ) പറഞ്ഞു: ''ആരെങ്കിലും ദീനീവിധികൾ പഠിക്കാനുദ്ദേശിച്ചാൽ അത് മുആദിൽനിന്നും നേടിക്കൊള്ളട്ടെ.'' അദ്ദേഹം ഖലീഫയായിരിക്കെ ഒരിക്കൽ ഇങ്ങനെ പറഞ്ഞു: ''ഇന്നത്തെ സ്ത്രീകൾ മുആദിനെപ്പോലെയുള്ള വ്യക്തിത്വങ്ങളെ പ്രസവിക്കാൻ അശക്തരാണ്. മുആദ് ഇല്ലായിരുന്നെങ്കിൽ ഉമർ നശിച്ചതു തന്നെ.'' നബിസാമീപ്യത്തിലൂടെ ലഭിച്ച അവസരങ്ങൾ നന്നായി പ്രയോജനപ്പെടുത്തുകയായിരുന്നു മുആദ്. നബി(സ)യുടെ കൂടെ വാഹനത്തിന്റെ പിന്നിൽ യാത്ര ചെയ്യുമ്പോൾ പോലും മർമപ്രധാനമായ വിഷയങ്ങൾ നബി അദ്ദേഹത്തെ അഭ്യസിപ്പിച്ചിരുന്നതായി ഹദീസുകളിൽ കാണാം.

ശുക്ർ, ദിക്ർ, ഇബാദത്ത് എന്നീ അറബി പദങ്ങൾക്ക് ദീനിൽ വിശാലമായ അർഥവും ആശയവുമാണുള്ളത്. ഇബ്നുൽ ഖയ്യിമിന്റെ അഭിപ്രായത്തിൽ ഇസ്‌ലാമിന്റെ അടിസ്ഥാനം ദിക്റും ശുക്റുമാണ്. ''നിങ്ങൾ എന്നെ സ്മരിക്കുക, എന്നാൽ ഞാൻ നിങ്ങളെയും സ്മരിക്കും. നിങ്ങൾ എനിക്ക് നന്ദി ചെയ്യുക, നിങ്ങൾ നന്ദികെട്ടവരാകരുത്'' (*അൽബഖറ* 152). അല്ലാഹു പ്രദാനം ചെയ്ത അനു

ഗ്രഹങ്ങൾ എണ്ണമറ്റതാണെന്ന് ഖുർആൻ പറയുന്നുണ്ട്. ഈ അനുഗ്രഹങ്ങൾക്ക് നന്ദി രേഖപ്പെടുത്താനാണ് അല്ലാഹു നമ്മോടാവശ്യപ്പെട്ടിരിക്കുന്നത്. സ്വർഗത്തെക്കുറിച്ച അല്ലാഹുവിന്റെ വാഗ്ദാനത്തിൽ പ്രതീക്ഷ പുലർത്തുക, നരകശിക്ഷയെക്കുറിച്ച മുന്നറിയിപ്പ് തിന്മയിൽനിന്ന് അകന്നുനിൽക്കാൻ പ്രേരണയാവുക തുടങ്ങിയതൊക്കെ അതിന്റെ തുടർച്ചയാണ്. എല്ലാ പാപങ്ങളും പൊറുക്കപ്പെട്ട നബി (സ) കാലിൽ നീരു വന്നു വീങ്ങിയിട്ടും നിന്നു നമസ്കരിക്കുന്നതിനെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ നൽകിയ മറുപടി, 'ഞാൻ നന്ദിയുള്ള അടിമയാകേണ്ടേ' എന്നാണ്.

ശുക്റിന്റെ പ്രകടിതരൂപമാണ് 'സ്മരിക്കുക/പറയുക' എന്നു അർഥം പറയാറുള്ള ദിക്ർ. പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ അത്ഭുതകരമായ സൃഷ്ടിമഹാത്മ്യത്തെക്കുറിച്ചും മനുഷ്യസൃഷ്ടിപ്പിന്റെ എഞ്ചിനീയറിംഗ് വൈദഗ്ധ്യത്തെക്കുറിച്ചും ആലോചിക്കുമ്പോൾ ഏതൊരു മനസ്സിലും ദൈവചിന്തയും സ്നേഹവും വർധിക്കാതിരിക്കാൻ നിർവാഹമില്ല. ഏതു കർമവും ദൈവസ്മരണയുടെ അകമ്പടിയോടെയായിരിക്കുമ്പോഴാണ് അതിൽ പൂർണത കൈവരുന്നത്, ഉദ്ദിഷ്ട ഫലം ലഭ്യമാകുന്നത്. അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെ മനസ്സമാധാനം നേടിയെടുക്കാൻ കഴിയുമെന്നും ഖുർആൻ പ്രഖ്യാപിക്കുന്നു: ''വിശ്വാസികളുടെ മനസ്സ് ദൈവസ്മരണയിലൂടെ ശാന്തമാകുന്നു. അറിയുക, ദൈവസ്മരണയിലൂടെയാണ് ഹൃദയങ്ങൾ സമാധാനമടയുന്നത്''(*അർറഅ്ദ്* 28). തസ്ബീഹ്, തഹ്ലീൽ, തക്ബീർ, തഹ്മീദ്, ഖുർആൻ പാരായണം, ദൈവികനാമവിശേഷണങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കൽ ഇതൊക്കെയാണ് നാവുകൊണ്ടുള്ള ദിക്റുകൾ.

ആരാധനകളിൽ ഏറ്റവും പ്രാധാന്യമുള്ള നമസ്കാരമടക്കമുള്ള അനുഷ്ഠാനകർമങ്ങളാണ് ദിക്റുകളുടെ പ്രാവർത്തിക രൂപമെന്ന് പരിശുദ്ധ ഖുർആൻ പഠിപ്പിച്ചിട്ടുണ്ട്.

ഇബാദത്തിന്റെ ശരിയായ സ്വഭാവം അതിന്റെ ആധിക്യമോ സമയദൈർഘ്യമോ അല്ല, കൃത്യതയും ആത്മാർഥതയുമാണ്. വിരസതയോടെ ഫലശൂന്യമായ അനവധി ആരാധനകൾ ചെയ്യുന്നതിനു പകരം, മനസ്സിന് തൃപ്തി തോന്നുന്ന, കഴിവനുസരിച്ചുള്ളതും ലഭ്യമായ സമയത്തിനു വഴങ്ങുന്നതുമായ ഇബാദത്തുകളെടുക്കണമെന്നാണ് പ്രവാചകന്റെ നിർദേശം. ●